ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സാമ്പത്തിക പരിമിതികളും കാരണം ഇരിഞ്ഞാലക്കുടയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയുന്ന കാര്യം ഉടനെ പരിഗണിക്കാൻ കഴിയുകയില്ല.

കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി കൊടുത്തിട്ടുള്ള കെട്ടിടങ്ങൾ

1362. [1951] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ മൂന്നു വർഷങ്ങൾക്കു മുമ്പ് ഭരണാനുമതി കൊടുത്തിട്ടുള്ള കെട്ടിടങ്ങളുടെ പണി ആരംഭിക്കേണ്ടതില്ലെന്ന സർക്കാരിന്റെ തീരുമാനപ്രകാരം ബുദ്ധിമുട്ടുന്ന ജനങ്ങളുടെ വ്യാപകമായ പ്രതിഷേധം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പുതുതായി കെട്ടിടങ്ങളുടെ പണി തുടങ്ങേണ്ടതില്ലെന്ന തീരുമാനം സർക്കാർ പുനഃപ്പരിശോധിച്ച് പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടന്നുവരുന്ന പണികളുടെ ബാദ്ധ്യതയും സാമ്പത്തിക പരിമിതികളും കണക്കിലെടുത്ത് 1983 ജൂലൈ മുതൽ പുതിയ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതല്ലാതെ കിളിമാനൂർ നിയോജകമണ്ഡലത്തിലെ കെട്ടിടങ്ങളുടെ പണി ആരംഭിക്കേണ്ടതില്ല എന്ന് പ്രത്യേകമായി തീരുമാനിച്ചിട്ടില്ല. ജനങ്ങളുടെ പ്രതിഷേധം ഉണ്ടായതായി സർക്കാരിൽ അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സാമ്പത്തിക ബാദ്ധ്യതകളും പരിമിതികളും ഇപ്പോഴും തുടരുന്നതിനാൽ മുൻ തീരുമാനം പുനപ്പരിശോധനയ്ക്ക് വിധേയമാകത്തക്ക സാഹചര്യം സംജാതമായിട്ടില്ല.

കൊടകര വികസന ബ്ലോക്കിന്റെ ഓഫീസ് കെട്ടിടം

1363. [1952] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടകര വികസന ബ്ലോക്കിന് സ്ഥിരം ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കെട്ടിടം പണി തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) കെട്ടിടം പണി എത്രയും വേഗം തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly